പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2823

14.12.2015-ലെ മറുപടിയ്ക്ക്

## പൊൻമുടി വിനോദസഞ്ചാര കേന്ദ്രത്തിന്റെ നവീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ.എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വാമനപുരം നിയോജക മണ്ഡലത്തിലെ പൊൻമുടി വിനോദസഞ്ചാര കേന്ദ്രത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചു; ഇനം തിരിച്ച് വിശദമാക്കുമോ; | (എ) പൊന്മുടി ഗസ്റ്റ് ഹൗസിലെ 'ബി' ബ്ലോക്കിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 44,00,000/- (നാല്പത്തിനാല് ലക്ഷം) രൂപയും സ്ട്രക്ചറൽ റീഹാബിലിറ്റേഷൻ വർക്കുകൾക്കായി 36,60,000/- (മുപ്പത്തിയാറ് ലക്ഷത്തി അറുപതിനായിരം) രൂപയും പൊന്മുടി ഗസ്റ്റ് ഹൗസിലെ എ, ബി ബ്ലോക്കുകളിൽ വാട്ടർ ഹീറ്ററുകൾ ഘടിപ്പിക്കുന്നതിനായി 98,000/- (തൊണ്ണൂറ്റിയെണ്ണായിരം) രൂപയും പൊന്മുടി ടൂറിസം കോംപ്ലക്സിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായി 5,55,63,984/- (അഞ്ച് കോടി അൻപത്തിയഞ്ച് ലക്ഷത്തി അറുപത്തിമൂവായിരത്തി തൊള്ളായിരത്തി എൺപത്തിനാല്) രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം പദ്ധതികളാണ് പൊൻമുടിയിൽ പുതുതായി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;<br>(സി) വിനോദസഞ്ചാരികൾക്കായി ഏതെല്ലാം സൗകര്യങ്ങളാണ് പൊൻമുടിയിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;<br>(ഡി) പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിന്റെ നടപടികൾ ഏതുഘട്ടം വരെയായി എന്നും വ്യക്തമാക്കുമോ? | (ബി) യും (സി) യും (ഡി) യും<br>വിനോദസഞ്ചാരികൾക്ക് താമസവും ഭക്ഷണവും ഒരുക്കുന്നതിന് സർക്കാർ ഗസ്റ്റ് ഹൗസ് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം കോംപ്ലക്സിന്റെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. പൊന്മുടിയുടെ സമഗ്ര വികസനത്തിനായി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് ടാറ്റ കൺസൾട്ടൻസി സർവ്വീസസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ